281/est/18

# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം, തിരുവനന്തപുരം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. പി.ആർ. സജികുമാർ)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ക്ലസ്റ്റർ ഗ്രാമപഞ്ചായത്തുകളിൽ Intern Trainee-കളെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം : 1) ജി.ഒ(ആർ.റ്റി) നം. 2113/2018/തസ്വഭവ തീയതി 01.08.2018
2) ഈ ഓഫീസിന്റെ 05.09.2018, 28.09.2018 എന്നീ തീയതികളിലെ ഡിബി3-5525/17/സിഇ/തസ്വഭവ നമ്പർ കത്തുകൾ

## ഉത്തരവ് നം. ഡിബി3-5525/2017/സിഇ/തസ്വഭവ തീയതി 17.10.2018

സൂചന (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കീഴിലുള്ള 195 ക്ലസ്റ്റർ ഗ്രാമപഞ്ചായത്തുകളിൽ ഒരു Intern Trainee-യെ ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. താഴെപ്പറയും വിധമുള്ള നിബന്ധനകൾക്ക് വിധേയമായിട്ടാണ് നിയമനം നടത്തേണ്ടത്.

1) നിയമിക്കാൻ തെരഞ്ഞെടുക്കപ്പെടുന്ന Interns, Fresh Engineering Graduate (Civil) ആയിരിക്കണം.
2) Monthly consolidated pay ₹ 10,000/- ആയിരിക്കുന്നതാണ്. ടി തുകയിൽ 50% തുക ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള 2515-00-001-86 (PV) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതും, ബാക്കി 50% തുക അതാത് ഗ്രാമപഞ്ചായത്തുകൾ വഹിക്കേണ്ടതുമാണ്.

സൂചന (2)-ലെ കത്തുകൾ പ്രകാരം, ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരോട്, അവരുടെ ജില്ലകളിലെ ക്ലസ്റ്റർ പഞ്ചായത്തുകളിൽ അതാത് ജില്ലകളിൽ നിന്ന് Interns Trainee-കളെ നിയമിക്കുന്നതിന് സമ്മതമാണോ എന്നും, ആണെങ്കിൽ വേതന ഇനത്തിൽ വരുന്ന തുകയുടെ 50% അതാത് പഞ്ചായത്ത് വഹിച്ചുകൊള്ളാമെന്ന് കാണിച്ചുകൊണ്ടുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ഭരണസമിതി തീരുമാനം 25.09.2018-നകം ഹാജരാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ 44 ക്ലസ്റ്റർ പഞ്ചായത്തുകൾ മാത്രമാണ് സമ്മതമറിയിക്കുകയും, അതിൽത്തന്നെ 16 പഞ്ചായത്തുകൾ ഭരണസമിതി തീരുമാനം

നൽകുകയും ചെയ്തിട്ടുണ്ട് (ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റ് ഇതോടൊപ്പം Annexure 1 ആയി ഉള്ളടക്കം ചെയ്യുന്നു).

സാമ്പത്തികവർഷത്തിന്റെ പകുതിയിൽ കൂടുതൽ പിന്നിട്ടതിനാലും, പ്ലാൻ ഫണ്ട് വിനിയോഗം യഥാസമയം നടത്തേണ്ടതിനാലും Interns Trainee-കളെ നിയമിച്ച് എത്രയും വേഗം ഉത്തരവ് നൽകേണ്ടതായിട്ടുണ്ട്. മേൽ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്ന ക്ലസ്റ്റർ ഗ്രാമപഞ്ചായത്തുകളിൽ Interns Trainee-കളെ നിയമിക്കുന്നതിന് അനുമതി നൽകുന്നു.

1) നിയമിക്കപ്പെടുന്ന Interns Trainee-കൾ, Fresh Engineering Graduates (Civil) ആയിരിക്കണം.
2) നിയമിക്കപ്പെടുന്നവരുടെ Monthly consolidated pay ₹ 10,000/- ആയിരിക്കുന്നതാണ്. ഇതിൽ ₹ 5,000/- രൂപ ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള 2515-00-001-86 (PV) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതും, ബാക്കി ₹ 5,000/- രൂപ അതാത് ഗ്രാമപഞ്ചായത്തുകൾ വഹിക്കേണ്ടതുമാണ്. എന്നാൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് കൃത്യസമയത്ത് വേതനം ഉറപ്പുവരുത്തുന്നതിനായി ആദ്യത്തെ 6 മാസത്തെ വേതനം മേൽ ശീർഷകത്തിൽ നിന്ന് നൽകുന്നതും, അടുത്ത 6 മാസത്തെ വേതനം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ വഹിക്കേണ്ടതുമാണ്. ഇതിലേയ്ക്കായി ആദ്യത്തെ മൂന്ന് മാസത്തേയ്ക്കുള്ള തുക മുൻകൂറായി അനുവദിക്കുന്നതും, ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് അടുത്ത മൂന്ന് മാസത്തേയ്ക്കുള്ള തുക അനുവദിക്കുന്നതുമാണ്.
3) നിലവിൽ ഇതുവരെ 16 ഗ്രാമപഞ്ചായത്ത് ഭരണസമിതികൾ മാത്രമാണ് ഇത് സംബന്ധിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കിയിരിക്കുന്നത്. അത്തരം പഞ്ചായത്തുകൾക്ക് Interns Trainee-കളെ ഉടനെ നിയമിക്കാവുന്നതാണ്. സമ്മതം അറിയിച്ചിട്ടുള്ള ബാക്കിയുള്ള 28 പഞ്ചായത്തുകൾക്ക് Interns Trainee-കളെ നിയമിക്കാമെങ്കിലും അതാത് പഞ്ചായത്ത് ഭരണസമിതികൾ എത്രയുംവേഗം ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ് ഈ ഓഫീസിൽ നൽകേണ്ടതുമാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് വേതന ഇനത്തിൽ വരുന്ന ഫണ്ട് അനുവദിക്കുന്നതാണ്.
4) കഴിവതും അതാത് പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്നവരെ Interns Trainee ആയി നിയമിക്കാവുന്നതാണ്. ടി നിയമനം അതാത് ഗ്രാമപഞ്ചായത്ത്

അധികൃതർ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് നടത്തേണ്ടതാണ്. ടി നിയമനത്തിന് വേണ്ടിയുള്ള Interview board-ൽ ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറെയും, ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്ക്പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയും ഉൾപ്പെടുത്തേണ്ടതാണ്.

5) 01.11.2018 മുതൽ നിയമിക്കപ്പെടുന്ന തരത്തിൽ നിയമന നടപടികൾ ത്വരിതപ്പെടുത്തേണ്ടതും, നിയമന വിവരം ഉദ്യോഗാർത്ഥികളെയും ഈ ഓഫീസിനെയും അറിയിക്കേണ്ടതുമാണ്.

6) ഭരണസമിതി തീരുമാനം ലഭ്യമാക്കാത്ത ഗ്രാമപഞ്ചായത്തുകൾ 01.11.2018-ന് മുൻപ് തീരുമാനം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ഭരണസമിതി തീരുമാനം എടുക്കാത്ത ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിൽ പ്രസ്തുത നിയമനം നടത്തിയാൽ, ടി ജീവനക്കാർക്ക് വേതനം ലഭിക്കാതെവരുന്ന സാഹചര്യം ഉണ്ടാകുന്നപക്ഷം അതിൽ ഈ ഓഫീസിന് ഉത്തരവാദിത്വം ഉണ്ടാകുന്നതല്ല എന്ന വിവരവും അറിയിക്കുന്നു.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് Annexure 1-ൽ സൂചിപ്പിച്ചിരിക്കുന്ന ക്ലസ്റ്റർ ഗ്രാമപഞ്ചായത്തുകളിൽ Interns Trainee-കളെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ഇതിനാൽ ഉത്തരവാകുന്നു.

**ചീഫ് എഞ്ചിനീയർ**

പകർപ്പ് : 1) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റുമാർ / സെക്രട്ടറിമാർ
2) അക്കൗണ്ടന്റ് ജനറൽ, എ & ഇ, കേരള, തിരുവനന്തപുരം
3) ജില്ലകളിലെ എക്സി. എഞ്ചിനീയർമാർക്ക് - തുടർനടപടികൾക്കായി
4) ബന്ധപ്പെട്ട് ബ്ലോക്ക്പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയർമാർക്ക് - തുടർനടപടികൾക്കായി
5) ക്ലസ്റ്റർ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിമാർ / അസി. എഞ്ചിനീയർമാർ - തുടർ നടപടികൾക്കായി
6) കരുതൽ ഫയൽ

Annexure 1

# Cluster Panchayath - Intern Trainees Requirement

| S.No | SL No | Name of Panchayath | | Willingness Certificate | Committee Resolution | |
|---|---|---|---|---|---|---|
| | | **Palakkad** | | | | |
| **1** | **1** | Kannambra | HQ | √ | √ | 41 dtd 06-09-2018 |
| **2** | **2** | Puthukkode | | √ | √ | 1 dtd 24.09.2018 |
| **3** | **3** | Eruthempathy | | √ | √ | 9(2) dtd 11-09-2018 |
| **4** | **4** | Puthunagaram | | √ | √ | 3 dtd 19.09.2018 |
| **5** | **5** | Akathethara | | √ | √ | 8(5) dtd 11-09-2018 |
| **6** | **6** | Chalavara | HQ | √ | √ | 5 dtd 25-09-2018 |
| **7** | **7** | Vilayoor | | √ | √ | 3(1) dtd 25.09.2018 |
| **8** | **8** | Thrithala | | √ | √ | 10(5) dtd 11.09.2018 |
| **9** | **9** | Sholayoor | | √ | √ | 5(1) dtd 25-0-2018 |
| | | **Malappuram** | | | | |
| **10** | **1** | Thuvvur | HQ | √ | | |
| **11** | **2** | Melattoor | HQ | √ | | |
| **12** | **3** | Vettathur | | √ | | |
| **13** | **4** | Puzhakkattiri | HQ | | √ | 14(1) dtd 07.09.2018 |
| **14** | **5** | Areekode | HQ | √ | | |
| **15** | **6** | Keezhparamba | | √ | | |
| **16** | **7** | Ozhoor | HQ | √ | | |
| **17** | **8** | Niramaruthoor | | √ | | |
| **18** | **9** | Veliyamkodu | HQ | √ | | |
| **19** | **10** | Perumpadappu | | √ | | |
| | | **Kozhikkode** | | | | |
| **20** | **1** | Azhiyoor | HQ | | √ | 4/18 dtd 11.09.2018 |
| **21** | **2** | Keezhariyoor | HQ | √ | | |
| **22** | **3** | Nochad | HQ | √ | | |
| **23** | **4** | Moodady | HQ | √ | √ | 6(2)/18 dtd 06.09.2018 |
| **24** | **5** | Nanmanda | HQ | √ | | |
| **25** | **6** | Karassery | HQ | √ | | |
| **26** | **7** | Kodiyathoor | | √ | | |
| | | **Wayanad** | | | | |
| **27** | **1** | Kottathara | HQ | √ | √ | 1(5)/18 dtd 06.09.2018 |
| | | **Kannur** | | | | |
| **28** | **1** | Ramanthali | HQ | √ | | |
| **29** | **2** | Kalyasseri | HQ | √ | | |
| **30** | **3** | Madayi | HQ | √ | √ | nil dtd 11.09.2018 |
| **31** | **4** | Peralassery | HQ | √ | | nil dtd 07.09.2018 |
| **32** | **5** | Kadambur | | √ | | |
| **33** | **6** | Patyam | HQ | √ | | |
| **34** | **7** | Kottayam-Malabar | | √ | √ | 148/18 dtd 18.09.2018 |
| **35** | **8** | Kolayad | HQ | | √ | 138/18 dtd 07.09.2018 |

| S.No | SL No | Name of Panchayath | | Willingness Certificate | Committee Resolution | |
|---|---|---|---|---|---|---|
| | | **Kasaragod** | | | | |
| **36** | **1** | Puthiga | | √ | | |
| **37** | **2** | Muliyar | HQ | √ | | |
| **38** | **3** | Karadukka | | √ | | |
| **39** | **4** | West Eleri | HQ | √ | | |
| **40** | **5** | Panathady | HQ | √ | | |
| **41** | **6** | Padanna | | √ | | |
| **42** | **7** | Kayyoor-Cheemeni | | √ | | |
| | | **Pathanamthitta** | | | | |
| **36** | **1** | Vechoochira | | √ | | |
| **37** | **2** | Mezhuvali | | √ | | |
| | | **TOTAL -** | | **42** | **16** | |